# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 538

## (29.06.2015 ലെ മറുപടിക്ക്)

**നൂറനാട് സബ്ട്രഷറിക്ക് കെട്ടിടം**

**ചോദ്യം**

**ശ്രീ.ആർ. രാജേഷ്**

**ഉത്തരം**

**ശ്രീ.കെ.എം.മാണി**

(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | നൂറനാട് സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടും ഭരണാനുമതി ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | നൂറനാട് സബ്ട്രഷറി നിർമ്മാണത്തിന്റെ ഭരണപരമായ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27.03.2015 ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് 03.06.2015 ൽ ഈ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചു വരുകയാണ്. താമസംവിനാ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | ട്രഷറി ഡയറക്ടേറ്റിൽ നിന്നും ധനകാര്യവകുപ്പിന് റിപ്പോർട്ട് നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | |
| (സി) | ട്രഷറി കെട്ടിടനിർമ്മാണത്തിന് ധനകാര്യവകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | |
| (ഡി) | ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**